## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3269 | 14.03.2018-ൽ മറുപടിക്ക് |
|---|---|

### സംസ്ഥാനത്ത് കൂടുതൽ ഫോറൻസിക് ലാബുകൾ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫോറൻസിക് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഫോറൻസിക് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ബഹു. ഗവർണ്ണറുടെ 2017-18 വർഷത്തെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ, ഫോറൻസിക് സയൻസ് ലാബുകളെ ഫോറൻസിക് കളക്ഷൻ സെന്ററുകളായി വിപുലീകരിക്കുന്നതിനും, തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ "ഹൈടെക് ഫോറൻസിക് സയൻസ് ലബോറട്ടറി" ആയി ഉയർത്തുന്നതിനുമുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. കൊച്ചി റീജിയണൽ സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത ലബോറട്ടറിയെ "State-of-the-Art Forensic Science Laboratory" ആയി ഉയർത്തുന്നതിനുള്ള നടപടികളും സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഫോറൻസിക്/കെമിക്കൽ ലാബുകളിൽ ഫോറൻസിക് സയൻസ്/ഫോറൻസിക് മെഡിസിൻ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത ഉദ്യോഗാർത്ഥികളെയാണോ നിയമിച്ചുവന്നത്; വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് സംസ്ഥാനത്ത് ഫോറൻസിക് ലാബുകൾ/കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി എന്നിവിടങ്ങളിൽ പി.എസ്.സി. വഴി ആണ് നിയമനം നടത്തുന്നത്. നിലവിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ B.Sc. കെമിസ്ട്രി യോഗ്യതയുള്ളവരെയും, ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിൽ M.Sc. കെമിസ്ട്രി, M.Sc. ഫോറൻസിക് സയൻസ്, M.Sc. ബയോകെമിസ്ട്രി |

| | | | |
|---|---|---|---|
| | | | യോഗ്യതയുള്ളവരെയും ആണ് നിയമിക്കുന്നത്. സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ ഡിവിഷനുകളിൽ, അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി എന്നീ അടിസ്ഥാന വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ്, സയന്റിഫിക് ഓഫീസർ തസ്തികയിൽ നിയമിക്കുന്നത്. |
| (സി) | പുതിയ ഫോറൻസിക്/കെമിക്കൽ ലാബുകളിൽ ഫോറൻസിക് സയൻസ്/ഫോറൻസിക് മെഡിസിൻ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത ഉദ്യോഗാർത്ഥികളെ കൂടി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ